**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4730** **19-03-2025 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ മൂഴിക്കൽ പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ ഭൂമി കളിസ്ഥലം നിർമ്മിക്കുന്നതിനായി ലഭ്യമാക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത അപേക്ഷ പരിശോധിച്ച് വരുന്നു. കോഴിക്കോട് താലൂക്കിൽ ചെലവൂർ വില്ലേജിൽ 5/1B2/1/1C2, 5/1A2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമിയിലാണ് മൂഴിക്കൽ പ്ലാന്റും ബന്ധപ്പെട്ട പൈപ്പ് ലൈൻ റോഡും സ്ഥിതി ചെയ്യുന്നത്. ഈ പ്ലാന്റ് നിലവിൽ മാവൂർ പ്ലാന്റിൽനിന്നും പമ്പിംഗിന് തടസ്സം വരുന്ന സമയങ്ങളിൽ മെഡിക്കൽ കോളേജിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്നു. നിലവിൽ കോഴിക്കോട് കോർപ്പറേഷനിലെ ഉയരം കൂടിയ പ്രദേശങ്ങളായ കാശ്മീർകുന്ന്, കട്ടയാട്ട് പറമ്പ്, കോരക്കുന്ന്, വള്ളിയക്കാട് എന്നീ ഭാഗങ്ങളിൽ നിലവിൽ ബാലമന്ദിരം ടാങ്കിൽനിന്നാണ് ജലവിതരണം നടത്തുന്നത്. ഈ പ്രദേശങ്ങളിൽ മുഴുവൻ സമയവും ജലവിതരണം നടത്താൻ സാധിക്കാത്ത അവസ്ഥയാണ്. രാത്രി സമയങ്ങളിൽ മാത്രമാണ് ഈ പ്രദേശങ്ങളിൽ പൂർണ്ണമായും വെള്ളം ലഭിക്കുന്നത്. ഇത് പരിഹരിക്കാനായി മൂഴിക്കലിൽ ബൂസ്റ്റർ സ്റ്റേഷൻ നിർമ്മിച്ച് കാശ്മീർകുന്നിലേക്ക് പമ്പ് ചെയ്യാനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. ആയതിനായി പ്രസ്തുത സ്ഥലമാണ് ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ സമീപത്ത് പൂനൂർ പുഴ ഉള്ളതിനാൽ ഇവിടം കേന്ദ്രീകരിച്ച് ഭാവിയിൽ കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിവരും. |

സെക്ഷൻ ഓഫീസർ